# പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### ഇരുപതാമത് റിപ്പോർട്ട്
(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

## പതിനഞ്ചാം കേരള നിയമസഭ

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
## (2023-26)

### ഇരുപതാമത് റിപ്പോർട്ട്

( 2024 ഫെബ്രുവരി 24-ാം -ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ വിജ്ഞാപനങ്ങളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. V |
| മുഖവുര | .. VII |
| ആമുഖം | .. VIII |
| റിപ്പോർട്ട് | .. 1-21 |
| അനുബന്ധം 1 | .. 23 |
| അനുബന്ധം 2 | .. 26 |
| അനുബന്ധം 3 | .. 32 |
| അനുബന്ധം 4 | .. 34 |
| അനുബന്ധം 5 | .. 44 |

**മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി**
**(2023-26)**

**സമിതിയുടെ ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ

ശ്രീ. എൻ.കെ. അക്ബർ, എം.എൽ.എ

ശ്രീ. എം.എസ്.അരുൺകുമാർ, എം.എൽ.എ

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ, എം.എൽ.എ

ശ്രീ. കെ.യു. ജനീഷ് കുമാർ, എം.എൽ.എ

ശ്രീ. എം.നൗഷാദ്, എം.എൽ.എ

ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ, എം.എൽ.എ

ശ്രീ. എം.വിജിൻ, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി -ഇൻ- ചാർജ്ജ്

ശ്രീമതി റീന വി. ആർ, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

# മുഖവുര

മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി (2023-26) യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

ശ്രീ. പി.സി. വിഷ്ണുനാഥ്,

തിരുവനന്തപുരം,
24 ഫെബ്രുവരി 2026

ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

## ആമുഖം

നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ, ചട്ടങ്ങൾ, ഉപചട്ടങ്ങൾ, അവയുടെ ഭേദഗതികൾ, തിരുത്തലുകൾ തുടങ്ങിയവയും പൊതുമേഖലാ സ്ഥാപനങ്ങളുടെ വാർഷിക/ ഭരണ/ഓഡിറ്റ് റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ടുകൾ, കണക്കുകൾ, എൻക്വയറി കമ്മീഷൻ റിപ്പോർട്ടുകൾ എന്നിവയും നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് ബന്ധപ്പെട്ട ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സർവതോന്മുഖമായ പുരോഗതിക്ക് മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ മികച്ച രീതിയിൽ പ്രവർത്തിക്കേണ്ടതും നിലനിൽക്കേണ്ടതും അത്യാവശ്യമാണ്. സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ട് സമയബന്ധിതമായി സഭയിൽ സമർപ്പിച്ചാൽ മാത്രമേ കണക്കുകളിൽ വന്നുപെടാറുള്ള തെറ്റുകളും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലെ പുരോഗതിയും മാന്ദ്യവും ശ്രദ്ധയിൽപ്പെടുകയും അതുവഴി അവയുടെ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കുന്നതിനിടപെടാൻ സാധിക്കുകയുള്ളൂ.

ജനാധിപത്യ പ്രക്രിയയിൽ നിയമസഭാ സാമാജികരുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വവും ഫലപ്രദമായി നിർവഹിച്ച് അതുവഴി ജനങ്ങളുടെ ജനാധിപത്യ അവകാശ സംരക്ഷകരായി മാറണമെങ്കിൽ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ യഥാസമയം സാമാജികർക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് ഏതൊരു സർക്കാരിന്റെയും പ്രധാന കർത്തവ്യങ്ങളിൽ ഒന്നാണ്. കടലാസുകൾ സമയബന്ധിതമായി ലഭിക്കുവാനും പരിശോധിക്കുവാനുമുള്ള നിയമസഭാ സാമാജികരുടെ അർഹതയും അവകാശവും സാർവ്വത്രികമായി ജനാധിപത്യത്തിൽ അധിഷ്ഠിതമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇതിലൂടെ മാത്രമേ സർക്കാരിന് ഭരണനിർവഹണത്തിൽ വന്നു പോകുന്ന വീഴ്ചകളും കുറവുകളും ക്രമക്കേടുകളും

കണ്ടെത്തുവാനും പ്രസ്തുത കണ്ടെത്തലുകൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും കഴിയുകയുള്ളൂ.

നിർദ്ദിഷ്ട സമയപരിധി നിർണയിച്ച് വിവരങ്ങൾ നിയമസഭയിൽ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ നിയമസഭയ്ക്ക് ലഭ്യമാക്കാൻ ബാദ്ധ്യസ്ഥരായ വിവിധ ഭരണവകുപ്പുകൾ നിശ്ചിത സമയത്തോ അതിനുശേഷമോ ലഭ്യമാക്കാൻ ശുഷ്കാന്തി കാണിക്കുന്നില്ലായെന്നത് നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങൾ പരിരക്ഷിക്കപ്പെടുന്നതിനുള്ള വിമുഖതയായിപ്പോലും വിലയിരുത്താൻ ഇടയുണ്ട്.

സ്ഥാപനങ്ങളുടെ റിപ്പോർട്ട് സമർപ്പണത്തിൽ ഏറെ കുടിശിക വരുത്തിയതിനാൽ 20.08.2025-ന് ആരോഗ്യകുടുംബക്ഷേമ വകുപ്പിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. തെളിവെടുപ്പ് യോഗത്തിൽ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ റിപ്പോർട്ട് കുടിശിക തീർപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള കർശന നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

## റിപ്പോർട്ട്

1. കേരളത്തിലെ പൊതുജനാരോഗ്യ സംവിധാനങ്ങളും കുടുംബാസൂത്രണ പരിപാടികളും നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട വകുപ്പാണ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. സമൂഹത്തിന്റെ പൊതുവായ ആരോഗ്യ സംരക്ഷണത്തോടൊപ്പം ഇത് മെഡിക്കൽ വിദ്യാഭ്യാസം, പ്രതിരോധ കുത്തിവയ്പ്പുകൾ, പകർച്ചവ്യാധി നിവാരണം, ജീവിതശൈലീ രോഗനിയന്ത്രണം, മാതൃ-ശിശു ആരോഗ്യം തുടങ്ങിയ മേഖലകളിലും പ്രവർത്തനം നടത്തുന്നു. സംസ്ഥാനതലത്തിൽ ആശുപത്രികളുടെ നവീകരണം, ആയുഷ്മാൻ ഭാരത്, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) തുടങ്ങിയ സേവനങ്ങൾ നടപ്പിലാക്കുന്നതും ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ കർത്തവ്യമാണ്.

2. വിവിധ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ചില രോഗങ്ങൾ പൂർണമായും തുടച്ചുനീക്കുന്നതിനും വേണ്ടിയുള്ള വിവിധ പദ്ധതികളും സാർവ്വത്രിക പ്രതിരോധ പരിപാടികളും, അമ്മയുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യ പരിപാടികൾ ഉൾപ്പെടെയുള്ള കുടുംബക്ഷേമ പരിപാടികളും നടത്തിയതിലൂടെ കേരളത്തിൽ ജനങ്ങളുടെ ആരോഗ്യാവസ്ഥ മെച്ചപ്പെടുത്തുന്നതിനും, മരണനിരക്ക് കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി ആയുർദൈർഘ്യം ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. സമാനമായി കേരളത്തിലെ ശിശുമരണ നിരക്കും മാതൃമരണനിരക്കും വികസിത രാജ്യങ്ങൾക്കൊപ്പമാണ് എന്നത് ഏറെ അഭിമാനകരമാണ്.

3. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി -യിൽ ഗവൺമെന്റിൽനിന്നും 25 ലക്ഷം രൂപയിൽ കൂടുതൽ സാമ്പത്തിക സഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം പൂർത്തിയായി 9 മാസത്തിനുള്ളിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയുടെ മേശപ്പുറത്തുവയ്ക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ പ്രതിവർഷ വരവ്/ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിലും റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിലും ആരോഗ്യ വകുപ്പ് നിതാന്ത ജാഗ്രത

പുലർത്തുന്നില്ല എന്നത് വിഷയത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിനായി, റിപ്പോർട്ട് ഏറെ കുടിശ്ശികയാക്കിയ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും **20.08.2025**-ൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, സ്ഥാപനങ്ങളുടെ മേധാവികൾ ഉൾപ്പെടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുത്തു. സ്ഥാപനത്തിന്റെ കുടിശിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നത് സംബന്ധിച്ച് നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിനും സ്ഥാപനങ്ങൾക്കും നൽകിയ നിർദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

**1. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ്</u>**

4. ഇന്ത്യക്കാരിൽ പ്രത്യേകിച്ച് കേരളീയരിൽ പ്രമേഹരോഗം ക്രമാതീതമായി വർദ്ധിക്കുകയും പ്രമേഹരോഗികളുടെ എണ്ണത്തിൽ ഇന്ത്യ ആഗോളതലത്തിൽ ഒന്നാം സ്ഥാനത്താവുകയും ചെയ്ത സാഹചര്യത്തിൽ പ്രമേഹരോഗത്തിന്റെ പഠനത്തിനും ഗവേഷണത്തിനുമായി രൂപീകൃതമായ യുഎസ്എയിലെ വേൾഡ് ഇന്ത്യ ഡയബറ്റിസ് ഫൗണ്ടേഷൻ (W-IDF) എന്ന സംഘടനയുടേയും കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് (ഐഐഡി) 2001-ൽ പുലയനാർകോട്ട നെഞ്ചുരോഗ ആശുപത്രിക്ക് സമീപം ചെറിയ തോതിൽ പ്രവർത്തനമാരംഭിച്ചത്. പ്രമേഹത്തിനുള്ള നൂതന ചികിത്സാ രീതികൾ വികസിപ്പിക്കുക, ഇന്ത്യക്കാർക്കിടയിൽ പ്രമേഹത്തിന്റെ ജനിതകപരമായ കാരണങ്ങളെക്കുറിച്ച് പഠിക്കുക, പ്രമേഹ ചികിത്സാ രംഗത്ത് അന്താരാഷ്ട്രനിലവാരത്തിലുള്ള ഒരു മികവിന്റെ കേന്ദ്രം സ്ഥാപിക്കുക, കേരളത്തിലെ പ്രമേഹബാധ കുറയ്ക്കുന്നതിനായി ഡോക്ടർമാർക്കും മറ്റ് പാരാമെഡിക്കൽ ജീവനക്കാർക്കും പരിശീലനം നൽകുക എന്നിവയാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. പ്രമേഹം, ഹൃദയ സംബന്ധമായ രോഗങ്ങൾ, പക്ഷാഘാതം എന്നിവ

തടയുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള ദേശീയ പരിപാടിയുടെ സംസ്ഥാന നോഡൽ സെന്ററാണ് ഈ സ്ഥാപനം. നിലവിൽ ഈ ഇൻസ്റ്റിറ്റ്യൂട്ട് കേരള സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരമാണ് ഇത് രൂപീകരിച്ചിരിക്കുന്നത്.

5. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസിന്റെ 2016-17 വർഷത്തെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് അവസാനമായി സഭയിൽ സമർപ്പിച്ചിട്ടുള്ളത്. 2017-18 മുതൽ 2024-25 വരെയുള്ള 8 വർഷത്തെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ കുടിശ്ശികയായതിനുള്ള കാരണം തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് സ്ഥാപനത്തിന്റെ 2017-18, 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും ചില വർഷങ്ങളിലെ റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കാൻ സാധിച്ചിട്ടില്ലായിരുന്നുവെന്നും പുതിയൊരു അക്കൗണ്ടന്റിനെ നിയമിച്ച് പെൻഡിങ് റിപ്പോർട്ടുകൾ തയ്യാറാക്കിവരികയാണെന്നും എത്രയുംവേഗം റിപ്പോർട്ടുകൾ തയ്യാറാക്കി സമിതി മുമ്പാകെ സമർപ്പിക്കുന്നതാണെന്നും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റീസ് ഡയറക്ടർ അറിയിച്ചിരുന്നു.

6. സ്ഥാപനം സമർപ്പിച്ച 2017-18 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും വാർഷിക റിപ്പോർട്ടുകളും പരിശോധിച്ചുവരികയാണെന്നും അവ 3 മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു. എന്നാൽ നാളിതുവരെ പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

7. <u>സ്ഥാപനത്തിന്റെ 2017-18 മുതൽ 2024-25 വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ കാലതാമസപത്രിക സഹിതം അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയില്ലാതെ സമർപ്പിക്കുവാൻ ശ്രദ്ധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## 2. **<u>കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ്</u>**

8. കേരളത്തിലെ എല്ലാ അംഗീകൃത വൈദ്യശാസ്ത്ര സംവിധാനങ്ങളിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിലൂടെ പൊതുജനാരോഗ്യം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള സുപ്രധാന നിയമനിർമ്മാണമാണ് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്). 2018 ഫെബ്രുവരി 1 നാണ് കേരള നിയമസഭ പാസാക്കിയത്. ഈ നിയമം കേരളത്തിലെ പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും ബാധകമാണ്. മോഡേൺ മെഡിസിൻ(ഡെന്റൽ ഉൾപ്പെടെ), ആയുർവേദ, യോഗ & നാച്ചുറോപ്പതി, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ എല്ലാ അംഗീകൃത ചികിത്സാരീതികളും ഇതിന്റെ പരിധിയിൽ വരുന്നു. 2023-24 കാലയളവിൽ, മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക്സ് സേവനങ്ങൾ എന്നിവയ്ക്കും ആയുർവേദം, സിദ്ധ, യുനാനി, ഹോമിയോപ്പതി, യോഗ, നാച്ചുറോപ്പതി തുടങ്ങിയ ചികിത്സാ വിഭാഗങ്ങൾക്കും കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ട മിനിമം സ്റ്റാൻഡേർഡ് നിയമങ്ങൾ ഔദ്യോഗികമായി വിജ്ഞാപനം ചെയ്തു. അതോടൊപ്പം, മോഡേൺ മെഡിസിൻ, ഡെന്റൽ, ലബോറട്ടറി, ഡയഗ്നോസ്റ്റിക് സേവനങ്ങൾക്കായുള്ള പെർമനന്റ് രജിസ്ട്രേഷൻ പോർട്ടൽ 2023 ഏപ്രിൽ 26 ന് ആരംഭിക്കുകയും ആയുഷ് സ്ഥാപനങ്ങൾക്കായുള്ള പെർമനന്റ് രജിസ്ട്രേഷൻ പോർട്ടൽ 2024 മാർച്ച് 7 ന് ഔദ്യോഗികമായി ആരംഭിക്കുകയും ചെയ്തു.

9. സ്ഥാപനത്തിന്റെ 2019-20, 2020-21 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകൾ 09.02.2023 ലും 2021-22 വർഷത്തെ വാർഷിക റിപ്പോർട്ട് 09.08.2023 ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

10. എന്നാൽ സ്ഥാപനത്തിന്റെ 2022-23, 2023-24 വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയും എന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2022-23-ലെ റിപ്പോർട്ട് 11.10.2023-നും 2023-24-ലെ റിപ്പോർട്ട് 16.08.2024-നും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്ന് സ്ഥാപനത്തിന്റെ സെക്രട്ടറി മറുപടി നൽകി. 2022-23, 2023-24 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും വാർഷിക റിപ്പോർട്ടുകളും പരിശോധിച്ചുവരികയാണെന്നും മൂന്നുമാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി യോഗത്തിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

11. എന്നാൽ തെളിവെടുപ്പിനുശേഷം മാസങ്ങൾ കഴിഞ്ഞിട്ടും വകുപ്പിൽ ലഭ്യമായെന്നറിയിച്ചിരുന്ന റിപ്പോർട്ടുകൾ നാളിതുവരെ നിയമസഭയിൽ സമർപ്പിക്കാതിരുന്നത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര കൃത്യവിലോപമായി സമിതി വിലയിരുത്തുന്നു.

12. <u>അതിനാൽ സ്ഥാപനത്തിന്റെ 2022-23 വർഷം മുതൽ 2024-25 വർഷം വരെയുള്ള കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണെന്നും വർഷങ്ങൾ വൈകി സമർപ്പിക്കുന്നത് റിപ്പോർട്ടിന്റെ പ്രസക്തിതന്നെ നഷ്ടമാകുന്ന സാഹചര്യമുണ്ടാക്കുമെന്നതിനാലും റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം സമിതിയുടെ കൃത്യമായ പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ ശ്രദ്ധ ചെലുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

## 3. <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ (</u>KSIHFW)

13. കേരളത്തിലെ പൊതുജനാരോഗ്യ മേഖലയിലെ ജീവനക്കാരുടെ പ്രൊഫഷണൽ നിലവാരം ഉയർത്തുന്നതിനും അവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനുമായി ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് KSIHFW. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരമാണ് ഈ സ്ഥാപനം രൂപീകരിച്ചിരിക്കുന്നത്.

14. സ്ഥാപനത്തിന്റെ 2011-12 വർഷത്തെ വാർഷിക റിപ്പോർട്ടാണ് അവസാനമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിരുന്നതെന്നും പ്രസ്തുത റിപ്പോർട്ട് 07.01.2014-ൽ സഭയിൽ സമർപ്പിച്ചതിനുശേഷം യാതൊരു റിപ്പോർട്ടും സഭയുടെ മേശപ്പുറത്തുവയ്ക്കാൻ ലഭ്യമാക്കിയിരുന്നില്ലെന്നും 2012-13 മുതൽ 2024-25 വരെയുള്ള 13 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായി തുടരുന്നുവെന്നും ആയതിന്റെ കാരണം വ്യക്തമാക്കുവാൻ തെളിവെടുപ്പ് വേളയിൽ സമിതി അറിയിച്ചിരുന്നു. 2021-ൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രിൻസിപ്പലായി ചുമതലയേറ്റെടുത്തത് മുതൽ നാളിതുവരെ സ്ഥാപനത്തിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേനയാണ് സർക്കാരിലേയ്ക്ക് സമർപ്പിച്ചുവരുന്നതെന്നും 2024 വരെയുള്ള എല്ലാ റിപ്പോർട്ടുകളും ഡയറക്ടറേറ്റിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് 2016 മുതൽ 2024 വരെയുള്ള റിപ്പോർട്ടുകൾ വീണ്ടും സമർപ്പിച്ചിട്ടുണ്ടെന്നും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ പ്രിൻസിപ്പൽ സമിതിയെ അറിയിച്ചു.

15. ഡി.എച്ച്.എസ്-ന്റെ വാർഷിക ഭരണ റിപ്പോർട്ടിനോടൊപ്പമാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിന്റെയും റിപ്പോർട്ട് ചേർത്തുവരുന്നതെന്നും 2023-24 വർഷത്തെ വാർഷിക ഭരണ റിപ്പോർട്ടിന്റെ പ്രിന്റിങ് നടന്നുകൊണ്ടിരിക്കുകയാണെന്നും സമിതിക്ക് റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ലെന്ന്

അറിയിച്ചതുകൊണ്ട് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിനോട് 2016 മുതലുള്ള റിപ്പോർട്ടുകൾ പ്രത്യേകമായി ഒന്നുകൂടി സമർപ്പിക്കാൻ ആവശ്യപ്പെട്ടുവെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിക്കുകയും ചെയ്തു.

16. ആരോഗ്യ വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനങ്ങളുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും സമയബന്ധിതമായി സമിതിക്ക് ലഭ്യമാക്കുന്നതിന് മുൻകൈയെടുക്കുന്നുണ്ടെന്നും കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടുകളും കൈവശമുള്ളതിനാൽ ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കാൻ കഴിയുമെന്നും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പ് നൽകുകയും ചെയ്തിരുന്നു.

17. തെളിവെടുപ്പ് വേളയിൽ ലഭ്യമാക്കാമെന്നറിയിച്ചിരുന്ന റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയ പ്രകാരം <u>കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയറിന്റെ 2012-13 മുതൽ 2024-25 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

### 4. കേരള ആരോഗ്യശാസ്ത്ര സർവകലാശാല ( KUHS)

18. 2010-ലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ആക്റ്റ് പ്രകാരം സ്ഥാപിതമായ ഈ സർവകലാശാല ആരോഗ്യ ശാസ്ത്ര വിദ്യാഭ്യാസ രംഗത്തെ മാതൃകാപരമായ നിലവാരവും ഗുണമേന്മയും ഉയർത്തിപ്പിടിക്കുന്നതിനായി സമർപ്പിക്കപ്പെട്ടിട്ടുള്ളതാണ്. ആധുനിക ചികിത്സാരീതികളിലും ഭാരതീയ ചികിത്സാരീതികളിലും ഒരുപോലെ വ്യവസ്ഥാപിതമായ അദ്ധ്യാപനം, പരിശീലനം, ഗവേഷണം എന്നിവ ഉറപ്പുവരുത്തുന്നതിനായാണ് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ് (കെ.യു.എച്ച്.എസ്)

സ്ഥാപിച്ചത്. മോഡേൺ മെഡിസിൻ, യോഗ, പ്രകൃതിചികിത്സ, യുനാനി, മറ്റ് അനുബന്ധ ശാസ്ത്രങ്ങൾ തുടങ്ങിയ എല്ലാ ആരോഗ്യ വിദ്യാഭ്യാസ വിഭാഗങ്ങളെയും ഒരു കുടക്കീഴിൽകൊണ്ടുവരികയും അവയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുകയുമാണ് കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ദൗത്യം.

19. 2010-ലെ The Kerala University of Health Sciences Act സെക്ഷൻ 67(2) പ്രകാരം audit report തയ്യാറാക്കി ഗവൺമെന്റിൽ സമർപ്പിക്കണമെന്നും 69(2) പ്രകാരം വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടും സർക്കാരിൽ സമർപ്പിച്ചാലുടൻ നിയമസഭ മുമ്പാകെ സമർപ്പിക്കാൻ ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

20. സ്ഥാപനത്തിന്റെ 2022-23 ലെ വാർഷിക റിപ്പോർട്ട് 23.01.2025-ലും വാർഷിക അക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടും 17.09.2025-ലും സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

21. 2023-24 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് കുടിശ്ശികയായത് സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് പ്രസ്തുത റിപ്പോർട്ട് 28.04.2025-ന് ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഓഡിറ്റ് റിപ്പോർട്ട് കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റിന്റെ ഓഡിറ്റ് പരിശോധന പൂർത്തിയാക്കി രണ്ടു മാസത്തിനകം സമിതിക്ക് ലഭ്യമാക്കാമെന്നും കേരള ആരോഗ്യശാസ്ത്ര സർവകലാശാല ഫിനാൻസ് ഓഫീസർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

22. തെളിവെടുപ്പിനെത്തുടർന്ന് സ്ഥാപനത്തിന്റെ 2023-24 ലെ റിപ്പോർട്ട് വകുപ്പ് ലഭ്യമാക്കുകയും 17.09.2025-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2024-25 വർഷത്തെ വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുണ്ട്.

23. <u>കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ 2024-25 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി ലഭ്യമാക്കണമെന്നും ഇടമുറിയാതെ തുടർന്നുള്ള</u>

വർഷങ്ങളിലെ റിപ്പോർട്ടുകൾ അതത് വർഷം തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ട് സമർപ്പണത്തിൽ കൃത്യത ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

5. **ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ(ഐ.എം) കേരള ലിമിറ്റഡ് ( ഔഷധി )**

24. കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള പ്രമുഖ ആയുർവേദ മരുന്ന് നിർമ്മാണ കമ്പനിയാണ് ഔഷധി. തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം, ഗുണനിലവാരമുള്ള ആയുർവേദ മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നു. ഇന്ത്യയിലെ പൊതുമേഖലയിലുള്ള ഏറ്റവും വലിയ ആയുർവേദ മരുന്ന് നിർമ്മാണശാലയാണിത്. കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിനാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

25. ഔഷധിയുടെ 2022-23 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 17.09.2025-ൽ സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

26. ഔഷധിയുടെ റിപ്പോർട്ട് കുടിശ്ശിക സംബന്ധിച്ച് സമിതി ആരാഞ്ഞതിന് മാനേജിംഗ് ഡയറക്ടർ, ഡബ്ല്യൂ.എച്ച്.ഒ.-യുടെ വർക്ക്ഷോപ്പിൽ പങ്കെടുക്കാൻ പോയതിനാലാണ് സമിതി യോഗത്തിൽ ഹാജരാകാത്തതെന്നും ഔഷധിയുടെ 2023-24 വർഷത്തെ കുടിശ്ശികയായ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാമെന്നും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തെളിവെടുപ്പ് യോഗത്തിൽ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

എന്നാൽ തെളിവെടുപ്പ് വേളയിൽ ഉറപ്പ് നൽകിയ പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമാക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2023-24, 2024-25 വർഷങ്ങളിലെ റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും

ഔഷധിയുടെ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കുടിശ്ശിക വരുത്താതെ അതത് വർഷം തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**2020 മുതൽ 2023 വരെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളിൽ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കാത്ത എസ്.ആർ.ഒ.-കൾ സംബന്ധിച്ച വിശദാംശം**

27. എസ്.ആർ.ഒ. നം. 213/2024, 214/2024, 215/2024, 216/2024, 217/2024 എന്നിവയ്ക്കെല്ലാംകൂടി ഒരു കാലതാമസപത്രികയാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും എസ്.ആർ.ഒ.-കൾ അടിയന്തരമായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ട സാഹചര്യമുണ്ടായതിനാലാണ് വിഷയനിർണ്ണയ സമിതിയുടെ മുൻകൂർ അനുമതിയില്ലാതെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ട സാഹചര്യമുണ്ടായതെന്നും അതിനാൽ ചട്ടങ്ങൾ സാധൂകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അഭ്യർഥിച്ചുകൊണ്ട് വിഷയനിർണ്ണയ സമിതിക്ക് സമർപ്പിച്ച കാലതാമസപത്രികയാണ് സമിതിക്ക് ലഭ്യമാക്കിയിരിക്കുന്നതെന്നും സമിതി ചൂണ്ടിക്കാട്ടിയതിന് കാലതാമസത്തിനുള്ള യഥാർഥകാരണം വ്യക്തമാക്കിക്കൊണ്ട് അഞ്ച് എസ്.ആർ.ഒ കൾക്കും പ്രത്യേകം കാലതാമസപത്രികകൾ ലഭ്യമാക്കാമെന്ന് തെളിവെടുപ്പ് യോഗത്തിൽ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചിരുന്നു.

28. യഥാസമയം സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്ത എസ്.ആർ.ഒ കൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുമ്പോൾ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട് ഓരോ എസ്.ആർ.ഒകൾക്കും ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന നമ്പർ സർക്കുലർ പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ പ്രത്യേകം പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്ന് സമിതി കർശന നിർദേശം നൽകുന്നു.

29. 2020 മുതൽ 2023 വരെ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 38 എസ്.ആർ.ഒ.-കൾ (ലിസ്റ്റ് അനുബന്ധം-1 ആയി ചേർക്കുന്നു.) സമിതി മുമ്പാകെ സമർപ്പിച്ചിട്ടില്ലായെന്നും എസ്.ആർ.ഒ.-കൾ സഭയുടെ മേശപ്പുറത്തുവച്ചാൽ മാത്രമേ അംഗങ്ങൾക്ക് പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി നിർദേശിക്കുന്നതിന് സാധിക്കുകയുള്ളൂവെന്നും പൊതുജനങ്ങൾക്ക് നിയമസഭയിൽവന്ന് ഭേദഗതികൾ നിർദേശിക്കാൻ കഴിയാത്തതിനാൽ അവർക്കുവേണ്ടിയാണ് എം.എൽ.എ.-മാർ ഭേദഗതി നിർദേശങ്ങൾ സഭയിൽ സമർപ്പിക്കുന്നതെന്നും എസ്.ആർ.ഒ.-കൾ സഭയിൽ സമർപ്പിക്കാതിരിക്കുന്നത് നിയമസഭയുടെ അവകാശങ്ങളുടെ ലംഘനമാണെന്നും സമിതി വിലയിരുത്തുകയും ഇത്രയധികം എസ്.ആർ.ഒ.-കൾ സഭയിൽ സമർപ്പിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

30. പ്രസ്തുത എസ്.ആർ.ഒ.-കൾ കോവിഡ് കാലഘട്ടത്തിൽ പുറപ്പെടുവിച്ചിട്ടുള്ളവയാണെന്നും എസ്.ആർ.ഒ.-കൾ പുറപ്പെടുവിക്കുമ്പോൾത്തന്നെ സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കേണ്ടതായിരുന്നുവെന്നും കോവിഡ് കാലഘട്ടമായതിനാലും ശ്രദ്ധക്കുറവ് കാരണവുമാണ് എസ്.ആർ.ഒ.-കൾ സമിതിക്ക് ലഭ്യമാക്കാൻ കഴിയാതിരുന്നതെന്നും സമിതിയുടെ കത്ത് ലഭിച്ചപ്പോഴാണ് എസ്.ആർ.ഒ.-കൾ ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടതെന്നും പ്രത്യേക സംവിധാനമേർപ്പെടുത്തി അടിയന്തരമായി പ്രസ്തുത എസ്.ആർ.ഒ.-കൾ സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നും ഒരു മാസത്തിനുള്ളിൽ എസ്.ആർ.ഒ.-കൾ സമർപ്പിക്കാമെന്നും തെളിവെടുപ്പ് വേളയിൽആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകിയിരുന്നു.

31. <u>എസ്.ആർ.ഒ.-കൾ സമയബന്ധിതമായി സമർപ്പിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദേശം നൽകണമെന്ന് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

## റിപ്പോർട്ടുകൾ നൽകാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ

### (i) കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി

32. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം രൂപീകരിച്ച സ്ഥാപനമാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി.

33. കേന്ദ്ര സർക്കാർ ഫണ്ടാണ് ലഭിക്കുന്നതെന്നും രോഗികൾക്കുള്ള ധനസഹായം രണ്ടുവർഷമായി ലഭിക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാരും എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് ചില സഹായങ്ങൾ നൽകുന്നുണ്ടെന്നും കൗൺസിലിങ് സെന്റർ, ICTC, PPTCT, ART സെന്ററുകൾക്ക് സംസ്ഥാന സർക്കാരാണ് സ്ഥലം നൽകുന്നതെന്നും അങ്ങനെ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ പങ്കുമുണ്ടെന്നും അതുകൊണ്ട് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി തയ്യാറാക്കുന്ന വാർഷിക റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതാണെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. 34. ആരോഗ്യവകുപ്പ് ഡയറക്ടറുടെ വാർഷിക ഭരണ റിപ്പോർട്ടിനോടൊപ്പമാണ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ റിപ്പോർട്ടും ഉൾപ്പെടുത്തി നൽകിവന്നിരുന്നതെന്നും 2023-24-ലെ റിപ്പോർട്ടാണ് നിലവിൽ വകുപ്പിന്റെ പരിശോധനയ്ക്കായി പരിഗണനയിലുള്ളതെന്നും വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കിയിരുന്നു.

35. എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ റിപ്പോർട്ട് പ്രത്യേകമായി നൽകുന്നതാണ് നല്ലതെന്നും പ്രസ്തുത സ്ഥാപനം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് ജനപ്രതിനിധികൾക്ക് അറിയാനുള്ള അവസരം ലഭിക്കുമെന്നും മാത്രമല്ല, സൊസൈറ്റിയുടെ പ്രവർത്തനത്തിന് സമിതിയുടെ മേൽനോട്ടം ആവശ്യമാണെന്നും അതിനാൽ വിശദമായ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി യോഗത്തിൽ ഉറപ്പ് നൽകിയിരുന്നു.

36. എന്നാൽ യോഗത്തിൽ ഉറപ്പ് നൽകിയ പ്രകാരം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല.

37. ആയതിനാൽ എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും പ്രത്യേകമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(ii) കാരുണ്യ ബെനവലന്റ് ഫണ്ട്**

38. കാരുണ്യ ബെനവലന്റ് ഫണ്ട് ആരോഗ്യവകുപ്പിന്റെ ഒരു പദ്ധതിയാണ്. ലോട്ടറി വിൽപ്പനയിലൂടെ സമാഹരിക്കുന്ന തുക ഉപയോഗിച്ചാണ് കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയതെന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുൾപ്പെടെയുള്ള എല്ലാ ഇൻഷ്വറൻസ് സ്കീമുകളും ഏകോപിപ്പിച്ച് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേനയാണ് ധനസഹായം നൽകുന്നത്. അതിനാൽ കാരുണ്യ ബെനവലന്റ് ഫണ്ടുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എസ്.എച്ച്.എ.-യുടെ (സ്റ്റേറ്റ് ഹെൽത്ത് ഏജൻസി) റിപ്പോർട്ടിലുണ്ടാകുമെന്നും തെളിവെടുപ്പ് യോഗത്തിൽ വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്.

**(iii) കേരള സംസ്ഥാന രക്തദാന കൗൺസിൽ**

39. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ് കേരള സംസ്ഥാന രക്തദാന കൗൺസിൽ. സ്ഥാപനത്തിന് കേന്ദ്ര സർക്കാർ ഫണ്ടാണ് ലഭിക്കുന്നതെന്നതിനാൽ സഭയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതില്ലായെന്ന് കേരള സ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചിരുന്നു. എന്നാൽ ചോദ്യാവലിക്കുള്ള മറുപടിയായി വകുപ്പിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്തുത സ്ഥാപനം 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് അനുസരിച്ച് 1997 മാർച്ച് 12-ാം തീയതി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്ന്

അറിയിച്ചിരിക്കുന്നു. ആയതിനാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(iv) ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ**

40. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരം രൂപീകരിച്ച സ്ഥാപനമാണ് ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ. ആയതിനാൽ ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ വാർഷിക റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ ബാധ്യസ്ഥരാണെന്ന് സമിതി നിരീക്ഷിക്കുന്നു.

41. അതിനാൽ ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(V) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്)**

42. ആയുഷ്മാൻ ഭാരത്, PMJY പദ്ധതി- കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതിയുടെ എല്ലാ വിധ പ്രവർത്തനങ്ങളും നടത്തുന്നതിലേക്കായി കേരള സർക്കാർ ആരംഭിച്ച സംവിധാനമാണ് State Health Agency. സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (ചിസ്) ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലാക്കിയതിനെത്തുടർന്നാണ് State Health Agency രൂപീകരിച്ചത്. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് അനുസരിച്ച് 24.04.2020-ലെ ജി.ഒ (എം.എസ്)നം. 71/2020/എച്ച്&എഫ്.ഡബ്യു.ഡി പ്രകാരം കേരളത്തിൽ മുഴുവൻ പ്രവർത്തിക്കാൻ അനുമതിയുള്ള ഏജൻസിയാണ് State Health Agency (SHA). ചിസ് മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്ന ഒരു പ്രോഗ്രാമാണെന്നും അത് നിലവിൽ ആയുഷ്മാൻ ഭാരതിൽ ലയിപ്പിച്ച് എസ്.എച്ച്.എ. മുഖേന നടപ്പിലാക്കി വരികയാണെന്നും ആയതിനാൽ എസ്.എച്ച്.എ.-യുടെ റിപ്പോർട്ടിനോടൊപ്പം സമഗ്ര

ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ റിപ്പോർട്ടും ഉൾപ്പെടുന്നുണ്ടെന്നും അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. State Health Agency യുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(vi) ഡ്രഗ്സ് കൺട്രോൾ വകുപ്പ്**

43. ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള വകുപ്പാണ് ഡ്രഗ്സ് കൺട്രോൾ വകുപ്പ് .

44. ഡ്രഗ്സ് കൺട്രോളർ ഒരു റെഗുലേറ്ററി ബോഡിയാണെങ്കിലും പ്രോആക്ടീവായ പ്രവർത്തനങ്ങളും ചെയ്യുന്നുണ്ടെന്നും ഉദാഹരണമായി, വീടുകളിലും സ്ഥാപനങ്ങളിലും മറ്റുമുള്ള ഉപയോഗിക്കാത്ത ഡ്രഗ്സ് ഉപയോഗശൂന്യമായ കിണറുകളിലും സ്ഥലങ്ങളിലും മറ്റും ഡിസ്പോസ് ചെയ്യുന്നതുവഴി വരാനിടയുള്ള antimicrobial resistance തടയുന്നതിനായി ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് മുൻകൈയെടുത്ത് സംസ്ഥാനത്ത് NPROUD (New Program for Removal of Unused Drugs) എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഇന്ത്യയിൽത്തന്നെ കേരളത്തിലെ കോഴിക്കോട് ജില്ലയിലാണ് ഈ പദ്ധതി ആദ്യമായി നടപ്പാക്കിയതെന്നും ഉപയോഗശൂന്യമായ 25 ടൺ ഡ്രഗ്സാണ് അവിടെനിന്നും ശേഖരിക്കാൻ സാധിച്ചിട്ടുള്ളതെന്നും ചില സ്ഥാപനങ്ങൾ റെഗുലേറ്ററി ബോഡിയാണെങ്കിലും ജനങ്ങൾക്കുവേണ്ടി പ്രോആക്ടീവായി കാര്യങ്ങൾ ചെയ്യുന്നുണ്ട് എന്നതിനാലാണ് ഇക്കാര്യം പ്രത്യേകമായി പറയുന്നതെന്നും നിരോധിത മരുന്നുകൾ കണ്ടെത്താനുള്ള മൊബൈൽ ആപ്പും അവർ വികസിപ്പിച്ചിട്ടുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ വകുപ്പ് അറിയിച്ചു.

45. ഡ്രഗ്സ് കൺട്രോളർ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെന്ന് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെടുത്തി സമിതിക്ക് സമർപ്പിക്കുകയാണെങ്കിൽ എം.എൽ.എ.-മാർക്ക് കാര്യങ്ങൾ മനസ്സിലാക്കാനും നിയമസഭയിലെ ധനാഭ്യർഥന ചർച്ചയിൽ അത് അവതരിപ്പിച്ച് പ്രസ്തുത സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ട്

അനുവദിക്കണമെന്ന് ആവശ്യപ്പെടാനും സാധിക്കുമെന്നും അതോടൊപ്പം ആരോഗ്യവുമായി ബന്ധപ്പെട്ട് വിഷയനിർണ്ണയ സമിതിയിൽ അംഗങ്ങൾക്ക് കൂടുതൽ ധാരണയോടെ വിഷയങ്ങൾ അവതരിപ്പിക്കാനും കഴിയുമെന്നും റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെടുന്നത് വഴി സ്ഥാപനങ്ങൾക്കാണ് പ്രയോജനമുണ്ടാകുന്നത് എന്നും സമിതിയുടെ കൈവശം രേഖകളില്ലാത്തതുകൊണ്ടാണ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കേണ്ടി വന്നത് എന്നും ചെയർപേഴ്സൺ യോഗത്തിൽ വ്യക്തമാക്കി.

46. സ്ഥാപനങ്ങളെ സംബന്ധിച്ച ഇൻഫർമേഷൻ നൽകാനുള്ള അവസരമാണിതെന്ന് ഉദ്യോഗസ്ഥരോട് പറയാറുണ്ടെന്നും What is the actual performance indicator of the programmes എന്നതുസംബന്ധിച്ച് പ്രോഗ്രാം ഫാക്ട്ഷീറ്റും തയ്യാറാക്കുന്നുണ്ടെന്നും ആയതുകൂടി ഉൾപ്പെടുത്തി റിപ്പോർട്ടുകൾ സമർപ്പിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചതിന്, അപ്രകാരം ചെയ്താൽ പൊതുപരിപാടികളിൽ പങ്കെടുക്കുമ്പോൾ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ പറയാനും സാമാജികർക്ക് സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

47. സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിക്കും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടുമെന്റിന്റെ സഹകരണം ലഭിക്കുന്നുണ്ടെന്നും ചില രോഗികൾ, ക്ഷയരോഗം/ എച്ച്.ഐ.വി. രോഗമുണ്ടെന്ന് പുറത്തറിയുമെന്ന ഭയത്താൽ ഡോക്ടറെ നേരിട്ട് കണ്ട് മരുന്നുവാങ്ങി കഴിക്കാതെ പ്രൈവറ്റായി മരുന്ന് വാങ്ങി കഴിക്കുമെന്നതിനാൽ കേരളത്തിലെ ക്ഷയരോഗ/എച്ച്.ഐ.വി. രോഗബാധിതരുടെ കണക്കെടുക്കുമ്പോൾ ഇത്തരം രോഗികളുടെ ഡാറ്റ ലഭിക്കാത്ത അവസ്ഥയുണ്ടാകുന്ന സാഹചര്യത്തിൽ ഡ്രഗ്സ് സെയിലിന്റെ കണക്ക് പരിശോധിച്ച് ഡ്രഗ്സ് കൺട്രോളറാണ് ഡാറ്റ നൽകുന്നതെന്നും കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ സമിതിയെ അറിയിച്ചു. വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള ഡ്രഗ്സ്

കൺട്രോളറിന്റെ 2024-25 വരെയുള്ള റിപ്പോർട്ടുകൾ എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി വകുപ്പിനോടാവശ്യപ്പെട്ടുകയും ചെയ്തിരുന്നു.

48. <u>മേൽപ്പറഞ്ഞ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയ വകുപ്പിന്റെ റിപ്പോർട്ട് ബഹുമാനപ്പെട്ട സമിതി മുമ്പാകെ സമർപ്പിക്കാമെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഡ്രഗ്സ് കൺട്രോളറിന്റെ റിപ്പോർട്ടുകൾ എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(vii) <u>കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)</u>**

49. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ്(KMSCL) എന്നത് സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായ മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള പ്രധാന സർക്കാർ ഏജൻസിയാണ്. 1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് 2007-ൽ രൂപീകരിച്ച ഒരു പൊതുമേഖലാ സ്ഥാപനമാണിത് . സർക്കാർ ആശുപത്രികളിലേക്കുള്ള അവശ്യ മരുന്നുകൾ മൊത്തമായി ഗുണനിലവാരം ഉറപ്പ് വരുത്തി വാങ്ങുക, സ്കാനിംഗ് മെഷീനുകൾ മുതൽ മറ്റ് അത്യാധുനിക ഉപകരണങ്ങൾ വരെ ആശുപത്രികളിൽ എത്തിക്കുന്നതും അവയുടെ അറ്റകുറ്റപ്പണികൾ ഉറപ്പാക്കുക, ഗുണനിലവാരമുള്ള ബ്രാൻഡഡ് മരുന്നുകൾ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി Karunya Pharmacy ഔട്ട്ലെറ്റുകൾ നടത്തുക, മുതിർന്ന പൗരൻമാർക്കും മറ്റും മരുന്നുകൾ വീട്ടിലെത്തിച്ച് നൽകുന്ന കാരുണ്യ @ ഹോം പദ്ധതി നടപ്പിലാക്കുക, കേരളത്തിലെ 108 ആംബുലൻസ് സർവീസിന്റെ മേൽനോട്ടവും നിർവ്വഹണവും നടത്തുക എന്നിവയാണ് സ്ഥാപനത്തിന്റെ പ്രധാന പ്രവർത്തനങ്ങൾ.

50. കമ്പനീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമായതിനാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കണമെന്നിരിക്കേ നാളിതുവരെ ഒരു റിപ്പോർട്ടും സഭയിൽ സമർപ്പിക്കാത്തതിൽ സമിതി കടുത്ത അമർഷം രേഖപ്പെടുത്തുന്നു.

51. 2007-08 മുതൽ 2017-18 വരെയുള്ള വാർഷിക റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് അവലോകനം ചെയ്ത് കാലതാമസപത്രിക സഹിതം സമിതിക്ക് സമർപ്പിക്കുന്നതുമാണെന്ന് വകുപ്പിൽ നിന്നും അറിയിച്ചിരുന്നു.

52. സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടുകൾ സഭ മുമ്പാകെ സമർപ്പിക്കണമെന്ന് 19.01.2012-ൽ സഭയിൽ സമർപ്പിച്ച സമിതിയുടെ (2011-14) യുടെ ഒന്നാമത് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടും ആയത് നാളിതുവരെ ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്നുള്ള വിശദീകരണം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. കമ്പനീസ് ആക്ട് പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ബാധ്യസ്ഥമായതിനാൽ സ്ഥാപനത്തിന്റെ 2007-08 മുതൽ 2024-25 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കാലതാമസപത്രിക സഹിതം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(viii) കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO)**

54. കേരള സർക്കാരിന്റെ ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രമുഖ പൊതുമേഖല സ്ഥാപനമാണ് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (HOMCO). ഗുണനിലവാരമുള്ള ഹോമിയോപ്പതിമരുന്നുകളുടെ നിർമ്മാണത്തിലും വിതരണത്തിലും ഇന്ത്യയിലെ തന്നെ മാതൃകാപരമായ പ്രവർത്തനമാണ് ഈ സ്ഥാപനം കാഴ്ചവയ്ക്കുന്നത് . 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്റ്റിനു കീഴിൽ 1975-ൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനമാണിത്. പ്രസ്തുത ആക്റ്റിലെ സെക്ഷൻ 63(11) പ്രകാരം സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട് , ഓഡിറ്റ് റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതുണ്ട്. എന്നാൽ നാളിതുവരെ സ്ഥാപനത്തിന്റെ റിപ്പോർട്ടുകളൊന്നും സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടില്ല.

55. <u>സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(ix) <u>റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം</u>**

56. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മസംഘങ്ങൾ രജിസ്റ്ററാക്കൽ ആക്റ്റ് പ്രകാരമാണ് റീജിയണൽ ക്യാൻസർ സെന്റർ രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അസോസിയേഷന്റെ മെമ്മോറാണ്ടവും ആർ.സി.സി സൊസൈറ്റിയുമായി ബന്ധപ്പെട്ട നിയമങ്ങളും അനുസരിച്ച് വാർഷിക റിപ്പോർട്ട്/ വാർഷിക കണക്ക് / ഭരണ റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ല. മെമ്മോറാണ്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം വാർഷിക റിപ്പോർട്ട്/ വാർഷിക കണക്ക്/ ഭരണ റിപ്പോർട്ട് എന്നിവ സർക്കാരിന് സമർപ്പിക്കുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

57. <u>സർക്കാരിൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166 ബി പ്രകാരം സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(x) <u>മലബാർ ക്യാൻസർ സെന്റർ</u>**

58. മലബാർ ക്യാൻസർ സെന്റർ 1997-ലെ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനമാണ്. സ്ഥാപനത്തിന്റെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പ്രകാരം വാർഷിക അക്കൗണ്ട്സും ഓഡിറ്റ് റിപ്പോർട്ടും ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തിനായി വയ്ക്കാറുണ്ടെന്നും ഗവേണിംഗ് ബോഡി അംഗീകരിച്ചതിനു ശേഷം പ്രസ്തുത റിപ്പോർട്ടിന്റെ 3 പകർപ്പുകൾ സർക്കാരിലേയ്ക്ക് സമർപ്പിക്കാറുണ്ടെന്നും എന്നാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ട്/ വാർഷിക കണക്ക്/ ഭരണ റിപ്പോർട്ട് എന്നിവ സഭയുടെ മേശപ്പുറത്ത് വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലായെന്നും വകുപ്പ് അറിയിച്ചിട്ടുണ്ട്.

59. <u>സർക്കാരിൽ നിന്നും സാമ്പത്തിക സഹായം സ്വീകരിക്കുന്നതിനാൽ</u>

സ്ഥാപനത്തിന്റെ റിപ്പോർട്ടുകൾ നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ട്. ഇത് സ്ഥാപനത്തിന്റെ സുതാര്യത ഉറപ്പ് വരുത്തുമെന്ന് അഭിപ്രായപ്പെട്ട സമിതി, വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

**(xi) എൻ.സി.ഡി. നിയന്ത്രണ പരിപാടി**

60. എൻ.സി.ഡി. ഒരു സ്ഥാപനമല്ല ഒരു പദ്ധതിയാണെന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഡി.എച്ച്.എസ്.-ന്റെ റിപ്പോർട്ടിലുണ്ടാകുമെന്നും സെക്രട്ടറി തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിട്ടുണ്ട്.

**(xii) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജി (SI-MET)**

61. കേരള സർക്കാരിന്റെ ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിൽ 2008-ൽ സ്ഥാപിതമായ ഒരു സുപ്രധാന പദ്ധതിയാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ ആൻഡ് ടെക്നോളജി (SI-MET). സംസ്ഥാനത്തെ മെഡിക്കൽ, പാരാമെഡിക്കൽ വിദ്യാഭ്യാസ മേഖലകളെ കൂടുതൽ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

62. തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ ആക്റ്റ് , 1955 പ്രകാരമാണ് ഈ സ്വാശ്രയ സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുള്ളത്. സിമെറ്റ് സർക്കാർ ഫണ്ടുകൾ ഉപയോഗിക്കുന്നതിനാൽ അതിന്റെ സാമ്പത്തിക സുതാര്യത ഉറപ്പ് വരുത്താൻ നിയമപരമായ ബാധ്യതയുണ്ട്. 2018-19 മുതൽ 2021-22 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്നും ഗവേണിംഗ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്നും തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചിട്ടുണ്ട്.

63. <u>എന്നാൽ നാളിതുവരെ റിപ്പോർട്ടുകൾ ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2018-19 മുതൽ 2024-25 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(xiii) <u>ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (CDC)</u>**

64. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ചൈൽഡ് ഡെവലപ്മെന്റ് സെന്റർ (സിഡിസി) 1987 ഓഗസ്റ്റ് 1 ന് ഒരു പ്രോജക്ടായി ആരംഭിക്കുകയും പിന്നീട് കേരള സർക്കാർ ഒരു സ്വയംഭരണ കേന്ദ്രമായി ഉയർത്തുകയും ചെയ്തു. 1995-ൽ പ്രസ്തുത സ്ഥാപനത്തെ ഒരു സൊസൈറ്റിയായി തിരുവിതാംകൂർ-കൊച്ചി-സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തു. കുട്ടികളുടേയും കൗമാരക്കാരുടേയും സ്ത്രീകളുടേയും സമഗ്രമായ ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനം സെന്റർ ഓഫ് എക്സലൻസ് പദവി കൈവരിച്ചിട്ടുണ്ട്.

65. സർക്കാർ ഫണ്ടുകൾ ശരിയായ രീതിയിൽ വിനിയോഗിച്ചുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

66. സ്ഥാപനത്തിന്റെ 2022-23 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ അറിയിച്ചിട്ടുണ്ട്.

67. <u>ആയതിനാൽ സ്ഥാപനത്തിന്റെ 2022-23 മുതൽ 2024-25 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**(xiv) <u>കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാൻറ് ഓർഗനൈസേഷൻ</u> (K-SOTTO)**

68. കേരള സർക്കാരിന്റെ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഔദ്യോഗിക അവയവമാറ്റ ഏകോപന ഏജൻസിയാണ് കെ-സോട്ടോ.

69. 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റിന് കീഴിൽ കേരള സർക്കാർ സ്ഥാപിച്ച ഒരു ചാരിറ്റബിൾ സൊസൈറ്റിയാണിത്. ദാതാക്കളെ തിരിച്ചറിയൽ, മരണാനന്തര അവയവദാന പ്രക്രിയകൾ സുതാര്യമായും സമയബന്ധിതമായും ഏകോപിപ്പിക്കുക, അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികളുടെ മുൻഗണനാപട്ടിക തയ്യാറാക്കുക, സുരക്ഷിതമായ അവയവ കൈമാറ്റം ഉറപ്പ് വരുത്തുക, അവയവദാനത്തിന്റെ പ്രസക്തിയെക്കുറിച്ച് പൊതുജന ബോധവൽക്കരണം നടത്തുക, അവയവദാന ശസ്ത്രക്രിയകൾ നടത്തുന്ന ആശുപത്രികൾക്ക് ആവശ്യമായ അംഗീകാരങ്ങളും മാനദണ്ഡവും ഉറപ്പ് വരുത്തുക എന്നിവയാണ് സ്ഥാപനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

70. കെ-സോട്ടോ ഒരു സർക്കാർ സംവിധാനമായതിനാൽ, അതിന്റെ പ്രവർത്തനങ്ങളും സാമ്പത്തിക വിനിയോഗവും നിയമസഭയെ അറിയിക്കേണ്ടതുണ്ട്. ആയതിനാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**(xv) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ് (ICCONS)**

71. ഓട്ടിസം, പഠന വൈകല്യം, ബുദ്ധിമാന്ദ്യം, അപസ്മാരം എന്നീ രോഗങ്ങളാൽ കഷ്ടപ്പെടുന്നവരുടെ പുനരധിവാസം, വിദ്യാഭ്യാസം, ഗവേഷണം, വികസനം എന്നിവയ്ക്കായി പ്രവർത്തിക്കുന്ന കേരള സർക്കാരിന്റെ കീഴിലുള്ളതും 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്ര, ചാരിറ്റബിൾ സൊസൈറ്റികളുടെ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേറ്റീവ് ആൻഡ് കോഗ്നിറ്റീവ് ന്യൂറോ സയൻസസ്.

72. ഒരു സർക്കാർ നിയന്ത്രിത സ്ഥാപനമായതിനാൽ അതിന്റെ സാമ്പത്തിക ഇടപാടുകൾ സുതാര്യമാക്കുന്നതിനായി വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## (xvi) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS)

73. കേരള സർക്കാരിനു കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസസ് (IMHANS). മാനസികാരോഗ്യത്തിന്റെ മികവിന്റെ കേന്ദ്രമായി വികസിപ്പിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റ് തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഒന്നാണിത്. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസുമായി (KUHS) അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു ബിരുദാനന്തര പരിശീലന കേന്ദ്രമാണ് IMHANS. കോഴിക്കോട് മെഡിക്കൽ കോളേജ് കാമ്പസിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം മാനസികാരോഗ്യ ചികിത്സ, ബോധവത്കരണം, ഗവേഷണം എന്നീ മേഖലകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനങ്ങൾ നൽകുന്നു.

74. IMHANS ഒരു സർക്കാർ ധനസഹായം കൈപ്പറ്റുന്ന സ്വയംഭരണ സ്ഥാപനമായതിനാൽ അതിന്റെ സാമ്പത്തിക വിനിമയം നിയമസഭയെ ബോധ്യപ്പെടുത്തേണ്ടതുണ്ട്. അതിലൂടെ മാത്രമേ അതിന്റെ സാമ്പത്തിക വിനിയോഗത്തെക്കുറിച്ച് ജനപ്രതിനിധികൾക്ക് പരിശോധിക്കാനും വിലയിരുത്താനും സാധിക്കുകയുള്ളൂ. ആയതിനാൽ സ്ഥാപനത്തിന്റെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിനുള്ള പൊതുനിർദ്ദേശങ്ങൾ**

75. വൈകി ലഭിക്കുന്ന റിപ്പോർട്ടുകൾ കൊണ്ട് സാമാജികർക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല എന്നതിനാൽ കുടിശിക റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ അതാത് വർഷം തന്നെ തയ്യാറാക്കി ചട്ടപ്രകാരം സഭയിൽ സമർപ്പിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് നിർദേശം നൽകണമെന്നും സമിതി നിർദേശിക്കുന്നു.

76. വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ വരവ് ചെലവ് കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുന്നതിലും ഓഡിറ്റ് റിപ്പോർട്ടുകൾ

നിയമസഭയിൽ സമർപ്പിക്കുന്നതിലും വീഴ്ച വരുത്തുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി, വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ ഓഡിറ്റ് നടത്തുന്നതിനും ഓഡിറ്റ് റിപ്പോർട്ടുകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിനും ശിപാർശ ചെയ്യുന്നു.

77. സർക്കാരിൽ നിന്നും ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്ക് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടത് അനിവാര്യമാണെന്നിരിക്കേ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് റിപ്പോർട്ട് സമർപ്പണവുമായി ബന്ധപ്പെട്ട് അജ്ഞത നിലനിൽക്കുന്നുവെങ്കിൽ ആയത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വർക്ക്ഷോപ്പ് ഉൾപ്പെടെ സംഘടിപ്പിച്ച് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

78. സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ടുകൂടി ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ പുറംചട്ടയിൽ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

79. നിശ്ചിത സമയപരിധികഴിഞ്ഞ് സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്ന റിപ്പോർട്ടിനോടൊപ്പമുള്ള കാലതാമസപത്രിക നിശ്ചിതമാതൃകയിലല്ലാത്തതോ, കാല-താമസത്തിനുള്ള വിശദീകരണം തൃപ്തികരമല്ലാത്തതോ ആണെന്നും ഒന്നിൽ കൂടുതൽ വർഷങ്ങളിലെ റിപ്പോർട്ടുകൾക്ക് ഒരു കാലതാമസപത്രിക ലഭ്യമാക്കുന്ന പ്രവണത തുടരുന്നതായും സമിതി നിരീക്ഷിച്ചതിന്റെ പശ്ചാത്തലത്തിൽ കുടിശിക റിപ്പോർട്ടുകളോടൊപ്പം ലഭ്യമാക്കുന്ന കാലതാമസപത്രിക ധനകാര്യ വകുപ്പിന്റെ 21.12.2013 -ലെ 105/2013/ധന. നമ്പർ സർക്കുലർ (അനുബന്ധം-2) മാതൃകയിലായിരിക്കണമെന്നും ഓരോ വർഷത്തെ റിപ്പോർട്ടുകൾക്കും പ്രത്യേകം കാലതാമസപത്രിക ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

80. സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിനുശേഷം നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി

സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദേശിക്കുന്നു.

81. റിപ്പോർട്ടുകളോ അധികവിവരമോ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും നിരവധി കത്തുകൾ അയച്ചിട്ടും യാതൊരു മറുപടിയും ലഭ്യമാക്കാത്തത് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള ഉത്തരവാദിത്വമില്ലായ്മയായി സമിതി വിലയിരുത്തുന്നു. ആയതിനാൽ കത്തുകൾക്ക് പ്രാധാന്യം നൽകി മറുപടി നൽകാൻ ശ്രദ്ധിക്കണമെന്ന് സമിതി നിർദേശിക്കുന്നു.

82. സമിതി റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2023-ലെ PAD-B1/77/2023-PAD നമ്പർ സർക്കുലർ (അനുബന്ധം-3) നിർദേശം കർശനമായി പാലിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

83. കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിലെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പിൽവരുത്തി രേഖകൾ സമയബന്ധിതമായി സഭയിൽ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനമേധാവികൾക്ക് വകുപ്പ് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സമിതിയുടെ (2019-21) യുടെ മൂന്നാമത് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ (പി.എ.സി.ബി.) വകുപ്പിന്റെ സർക്കുലർ അനുബന്ധം- 4 ആയി ചേർക്കുന്നു.

84. ധനകാര്യ(പി.എ.സി) വകുപ്പിന്റെ 14.11.2008-ലെ 77/08/ധന നമ്പർ സർക്കുലറിലെ (അനുബന്ധം-5) 5-ാമത്തെ നിർദേശമായ എസ്.ആർ.ഒ.കൾ, നോട്ടിഫിക്കേഷനുകൾ എന്നിവ പുറപ്പെടുവിക്കുന്ന എല്ലാ വിഭാഗത്തിലും അവയെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളടങ്ങിയ ഒരു രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും

ആയത് മൂന്നു മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറിയെക്കൊണ്ട് പരിശോധന നടത്തണമെന്ന നിർദേശം പാലിക്കേണ്ടതാണ്.

പി.സി.വിഷ്ണുനാഥ്,
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

തിരുവനന്തപുരം,
24 ഫെബ്രുവരി 2026